സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും ഇളവ്

114 (897)ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ക്രയവിക്രയത്തിന്റെ എണ്ണം 1998-99-ൽ കുറഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്ത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഭൂമിയുടെ ക്രയവിക്രയത്തിലുള്ള ഈ മാന്ദ്യം ഒഴിവാക്കുന്നതിനായി സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും കുറവുവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുവിലുള്ള സാമ്പത്തിക മാന്ദ്യമാണ് കാരണം.

(സി)&(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

പുതിയ സബ് രജിസ്ട്രാർ ഓഫീസ്

115 (898)ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മയ്യിൽ കേന്ദ്രമായി ഒരു സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിൻമേൽ എന്തു തീരുമാനമെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ഉദുമ മണ്ഡലത്തിൽ സബ്രജിസ്ട്രാർ ഓഫീസ്

116 (899)ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ മുന്നാട് എന്ന സ്ഥലത്ത് സബ്രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതു സംബന്ധിച്ച് നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തു നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ പരിശോധിച്ചുവരികയാണ്.

വൈദ്യുതി മിച്ച സംസ്ഥാനമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

117 (900)ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉൽപ്പാദനരംഗത്ത് പുതിയ എത്ര പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്;

(സി) ഓരോ പദ്ധതിയുടെയും ഉൽപ്പാദനക്ഷമതയും അതിനു പ്രതീക്ഷിക്കുന്ന ചെലവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) 1999-ൽ ഏതെല്ലാം പദ്ധതികൾ ഉൽപ്പാദനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) പവർ സർവേ പ്രകാരം രണ്ടായിരാമാണ്ടോടെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത എത്രയാണെന്ന് വ്യക്തമാക്കുമോ;

(ജി) ലക്ഷ്യമിട്ടിട്ടുള്ള വൈദ്യുതി ഉൽപ്പാദനം എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക.
2. പുതിയ ജലവൈദ്യുത പദ്ധതികളും താപനിലയങ്ങളും അടിയന്തിരമായി നിർമ്മിക്കുക.
3. പഴക്കമുള്ള ജലവൈദ്യുത പദ്ധതികൾ നവീകരിക്കുകയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.
4. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുക.
5. ഊർജ്ജ സംരക്ഷണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly